ഉത്തരം

(എ&ബി) ഉണ്ട്. 2005-ൽ വൈദ്യുതി ബോർഡ് നൽകിയ കരാർ പ്രകാരമുള്ള പോസ്റ്റുകൾ സമയബന്ധിതമായി സപ്ലൈ ചെയ്യുന്നതിൽ കരാറുകാർ വീഴ്ച വരുത്തിയതുമൂലമാണ് മലപ്പുറം ജില്ലയടക്കം മലബാറിൽ പോസ്റ്റുകൾക്ക് ക്ഷാമം നേരിട്ടത്. ഇത് പരിഹരിക്കുന്നതിനായി സമീപ ജില്ലകളിൽ നിന്നും പോസ്റ്റുകൾ ഡൈവേർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. കൂടാതെ മലപ്പുറം ജില്ലയിൽ 2 വർഷത്തേക്ക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിനായി ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, ശിവശക്തി എഞ്ചിനീയറിംഗ് ഫാബ്രിക്കേറ്റേഴ്സ്, ആകർ സ്ട്രക്ച്ചറൽസ് എന്നീ കമ്പനികൾക്ക് 18.28 കോടി രൂപയുടെ കരാർ നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് പോസ്റ്റുകൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

(സി)

പഞ്ചായത്തിന്റെ പേര്	സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിച്ച വാർഡുകളുടെ എണ്ണം
പുളിക്കൽ	15
വാഴക്കാട്	16
പള്ളിക്കൽ	9
ചെറുകാവ്	12
കൊണ്ടോട്ടി	10
നെടിയിരുപ്പ്	15
വാഴയൂർ	10
പുക്കോട്ടൂർ	17
മൊറയൂർ	17
ചേലേമ്പ	...

(ഡി) വൈദ്യുതീകരണ പ്രവൃത്തികൾ മാർച്ച് 2011-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത ഉപഭോക്താക്കൾക്ക് സി.എഫ്.എൽ. ബൾബ് നൽകുന്ന പദ്ധതി

162 (1126) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത ഉപഭോക്താക്കൾക്ക് സി.എഫ്.എൽ. ബൾബ് നൽകുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സി.എഫ്.എൽ. ബൾബുകൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി എത്ര രൂപ ചെലവ് വന്നുവെന്നും ഉപഭോക്താക്കളിൽ നിന്നും എത്ര രൂപ പിരിഞ്ഞുകിട്ടിയെന്നും വ്യക്തമാക്കുമോ ;

(സി) 'ബചത് ലാമ്പ് യോജന' പ്രകാരം കേന്ദ്രഗവൺമെന്റിന്റെയോ, മറ്റെങ്കിലും ഏജൻസികളുടെയോ ധനസഹായം ഇക്കാര്യത്തിൽ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച ബൾബുകൾ എന്ത് ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുത ഉപഭോക്താക്കൾക്ക് സി.എഫ്.എൽ. നൽകുന്ന ഒന്നരകോടി സി.എഫ്.എൽ. വിതരണ പരിപാടി (ബചത് ലാമ്പ്)-യിൻ കീഴിൽ 1,27,93,540 സി. എഫ്.എൽ.-കൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യുന്നതിനുള്ള സിഎഫ്എൽ-കൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും അനുബന്ധ ചെലവുകൾക്കുമായി ഇതുവരെ 90,45,46,132 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഉപഭോക്താക്കളിൽ നിന്നും ഏകദേശം 19.2 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിനുള്ള പരിശോധന കഴിയുന്ന മുറയ്ക്ക് സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വൈദ്യുതി മോഷണം

163 (1127) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുത മോഷണം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) ഒരു ലക്ഷത്തിൽപ്പരം രൂപയുടെ വൈദ്യുതി മോഷണം നടത്തിയ കേസുകൾ എത്രയുണ്ടെന്നും, ഇതിലുൾപ്പെട്ടവർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4016 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈദ്യുതി മോഷണത്തിന് പിഴ ചുമത്തുകയും ആയത് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഒരു ലക്ഷത്തിൽപ്പരം രൂപയുടെ വൈദ്യുതി മോഷണം നടത്തിയ 584 കേസുകൾ ഉണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly